ഒ.പി.17233/96 നമ്പർ വിധി ന്യായത്തിൽ കായൽ, തോട് പുറംപോക്കുകൾ പതിച്ചു നൽകാൻ പാടില്ലായെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ പട്ടയം നൽകിയിട്ടില്ല.

(ബി) പരിശോധിക്കാവുന്നതാണ്.

കോലഞ്ചേരി ആസ്ഥാനമായി താലൂക്ക്

79 (2135)ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് അസംബ്ലി നിയോജകമണ്ഡലങ്ങളിലായി വ്യാപിച്ചു കിടക്കുന്നതും വിസ്തൃതവുമായ മേഖല ഉൾക്കൊള്ളുന്നതുമായ കുന്നത്തുനാട് താലൂക്ക് വിഭജിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കോലഞ്ചേരിയിൽ കോടതി, ട്രഷറി, രജിസ്റ്റർ ഓഫീസ് തുടങ്ങിയവ നിലവിലുള്ളതും സൗജന്യമായി സ്ഥലവും കെട്ടിടവും കിട്ടാനുള്ള സൗകര്യവും പരിഗണിച്ച് കോലഞ്ചേരി ആസ്ഥാനമാക്കി താലൂക്ക് രൂപീകരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) റവന്യു യൂണിറ്റുകളുടെ പുനഃസംഘടന നടത്തുന്നകാര്യം ഗവൺമെന്റ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. തീരുമാനമെടുക്കുമ്പോൾ ഈ ആവശ്യവും പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

"ഫ്ലെഡ് റിലീഫ് ഫണ്ടുപയോഗിച്ച് നിർമ്മിച്ച റോഡുകൾ"

79 (2135)ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തന ഫണ്ടുപയോഗിച്ച് സംസ്ഥാനത്ത് നിർമ്മിക്കുന്ന റോഡുകളുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രവർത്തനം തുടങ്ങിയിട്ടില്ലാത്ത റോഡുകളുടെ നിർമ്മാണത്തിനുള്ള അനുമതി പിൻവലിച്ചിട്ടുണ്ടോ;

(സി) തൃശ്ശൂർ ജില്ലയിൽ അന്തിക്കാട് ബ്ലോക്കിൽ 1996-97, 1997-98, 1998-99, 1999-2000 വർഷത്തിൽ അനുവദിച്ച റോഡുകൾ ഏതെല്ലാം;

(ഡി) ഇതിൽ ഏതൊക്കെ റോഡുകൾ റദ്ദാക്കിയിട്ടുണ്ട്;

(ഇ) അന്തിക്കാട് ബ്ലോക്കിൽ താന്ന്യം ഗ്രാമപഞ്ചായത്തിൽ എ.ആർ. റോഡ്, ചാഴൂർ ഗ്രാമപഞ്ചായത്തിൽ നേതാജി റോഡ് എന്നിവയുടെ പണി നടന്നുകൊണ്ടിരിക്കുമ്പോൾ അനുമതി നിഷേധിച്ച നടപടി ശരിയാണോ;

(എഫ്)റദ്ദാക്കിയ പ്രസ്തുത റോഡുകളുടെ പ്രവർത്തനം തുടങ്ങുന്നതിന് അനുമതി നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

1995-96 വർഷത്തിൽ അനുവദിച്ച പണികൾ 6.6.1996-നു മുൻപായും 1995-96-നു മുൻപുള്ള വർഷങ്ങളിൽ അനുവദിച്ച പണികൾ 5.8.1996-നു മുൻപായും ആരംഭിച്ചിട്ടില്ലാതിരുന്നവ ജില്ലാ കളക്ടർമാർ തന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റദ്ദു ചെയ്തിട്ടുണ്ട്.

(സി) 30 പണികൾ ഈ കാലയളവിൽ അനുവദിച്ചു. പണികളുടെ ലിസ്റ്റ് അനുബന്ധമായി വച്ചിരിക്കുന്നു.†

(ഡി) ഒന്നും റദ്ദാക്കിയിട്ടില്ല.

(ഇ) ഉത്തരം (ബി)യിൽ പറഞ്ഞ പ്രകാരം റദ്ദു ചെയ്യേണ്ടുന്ന പണികളെക്കുറിച്ച് ജില്ലാ കളക്ടർ റിപ്പോർട്ടു ചെയ്തതിൻ പ്രകാരമാണ്. എ.ആർ റോഡുപണിയും, സുഭാഷ് നഗർ റോഡുപണിയും റദ്ദു ചെയ്തിട്ടുള്ളത്.

(എഫ്)റദ്ദു ചെയ്ത റോഡുകളുടെ പ്രവർത്തനം തുടങ്ങുന്നതിനുള്ള അപേക്ഷകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

ദേശീയ കുടുംബക്ഷേമ പദ്ധതി

81 (2137)ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ കുടുംബക്ഷേമപദ്ധതിപ്രകാരമുള്ള എത്ര അപേക്ഷകൾ പത്തനംതിട്ട ജില്ലയിൽ ലഭിച്ചിട്ടുണ്ട്;

(ബി) താലൂക്കും, വില്ലേജും തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) 1996 ജനുവരി 1-ാം തീയതി മുതൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടില്ല;

(ഡി) അതിൽ എത്ര അപേക്ഷകളിൽ തീരുമാനമായി എന്നും കൊടുത്ത തുക എത്രയെന്നും വെളിപ്പെടുത്തുമോ;

(ഇ) തീരുമാനമാകാതെ കിടക്കുന്ന അപേക്ഷകൾ എത്ര; കാരണങ്ങൾ എന്തെല്ലാം;

(എഫ്)തീരുമാനമാകാതെ കിടക്കുന്ന അപേക്ഷകളിൽ പ്രത്യേക അന്വേഷണവിഭാഗത്തെ നിയമിച്ച് രണ്ടു മാസത്തിനകം തീർപ്പു കൽപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 30.6.1999 വരെ 1473 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) താലൂക്ക് തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

അടൂർ	-	404
റാന്നി	-	239
തിരുവല്ല	-	228
കോഴഞ്ചേരി	-	429

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly